File No.DT/2668/2019-A2

ഭരണഭാഷ - മാതൃഭാഷ

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ് വികാസ് ഭവൻ.പി.ഒ.
തിരുവനന്തപുരം-33
തീയതി: 31/10/2019

## സർക്കുലർ

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- 2019 ലെ മലയാള ദിനാഘോഷവും ഭരണഭാഷാവാരാഘോഷവും – ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:-1. ഔ.ഭാഷ/34/2019/ഉപഭവ നമ്പരായിട്ടുള്ള 05.08.13 ലെ സർക്കാർ സർക്കുലർ.

2. ഈ ഓഫീസിലെ ഇതേ നമ്പരായിട്ടുള്ള 17.10.2019 ലെ കീഴെഴുത്ത്.

********

സൂചനകൾ പ്രകാരം 2019 ലെ മലയാളഭാഷാവാരാഘോഷവുമായി ബന്ധപ്പെട്ട് നവംബർ 1 മുതൽ 7 വരെ മലയാളവാരാഘോഷം വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ സൂചന (1) പ്രകാരം പറഞ്ഞിരിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ നവംബർ 1 മുതൽ 7 വരെ ദിവസങ്ങളിൽ നോട്ടീസ് ബോർഡിൽ 5 മലയാള പദങ്ങൾ എഴുതുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൂടാതെ ട്രെയിനികളെയും ഇൻസ്ട്രക്ടർമാരെയും ഉൾപ്പെടുത്തി മലയാള ഭാഷ മലയാള ദിനാഘോഷ പരിപാടികൾ നടത്തേണ്ടതും പ്രാദേശികമായി ലഭിക്കുന്ന ഭാഷാ പണ്ഡിതന്മാരെ സംഘടിപ്പിച്ച് പരിപാടികളും സംഘടിപ്പിക്കേണ്ടതാണ്. കൂടാതെ ചുവടെപറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൂടി എല്ലാ സ്ഥാപന മേധാവികളുടെയും അറിവിലേക്കായി നൽകുന്നു

- നോഡല് ഐ ടി ഐ , RDT കണ്ണൂർ എന്നിവിടങ്ങളിൽ അനുവദിച്ചു നല്കിട്ടുള്ള മുഴുവൻ തുകയും മലയാളഭാഷാവാരാഘോഷവുമായി ബന്ധപെട്ട് ചെലവക്കെണ്ടാതാണ്
- കവിയരങ്ങ്, കഥരചന, സെമിനാർ, കഥ അരങ്ങ്, പുസ്തക വായന എന്നിവ സംഘടിപ്പിക്കണം

- ബാനർ - സൂചന ഒന്നിൽ പറഞ്ഞിരിക്കുന്ന വിധം മലയാള ഭാഷ ബാനർ പ്രദർശിപ്പിക്കണം ആയതിനുള്ള നടപടി സ്വീകരിക്കണം

മുകളിൽപ്പറഞ്ഞ നിർദേശങ്ങൾ പാലിച്ച ആയതിന്റെ റിപ്പോർട്ട് 15.11.2019 ന മുൻപ് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ അയച്ച് നൽകേണ്ടതുമാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്- എല്ലാ സ്ഥാപന മേധാവികൾക്കും